## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5899    08.07.2013 ലെ മറുപടിക്ക്**

## ഉത്തരാഖണ്ഡിലും സമീപപ്രദേശങ്ങളിലുമുണ്ടായ പ്രളയക്കെടുതിയിലകപ്പെട്ട മലയാളികൾ

ചോദ്യം | മറുപടി

ശ്രീമതി. കെ.എസ്. സലീഖ:

ശ്രീ കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഉത്തരാഖണ്ഡിലും സമീപപ്രദേശങ്ങളിലുമുണ്ടായ പ്രളയക്കെടുതികളിലകപ്പെട്ട മലയാളികളെ സുരക്ഷിതമായി സംസ്ഥാനത്തെത്തിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ; | (എ) ഉത്തരാഖണ്ഡിലെ പ്രളയദുരിതത്തിൽ അകപ്പെട്ട മലയാളികളെ സഹായിക്കുന്നതിന് ന്യൂഡൽഹി കേരള ഹൗസിലെ റസിഡന്റ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു ഉദ്യോഗസ്ഥ സംഘത്തെ പ്രളയബാധിത പ്രദേശത്തേക്ക് നിയോഗിക്കുകയുണ്ടായി. ഈ സംഘത്തിന് ആവശ്യമായ ഗതാഗത സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനും രക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനുമായി നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള ഹൗസിൽ കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നു. |
| (ബി) ഇതു സംബന്ധിച്ച് യാത്രക്കാർക്കുളള പരാതികൾ | (ബി) പ്രളയദുരിതത്തിൽ അകപ്പെട്ട യാത്രക്കാരുടെ പരാതികൾ നോർക്ക |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു ; | വകുപ്പിൽ ലഭിച്ചിട്ടില്ല |
| സി) ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട നോർക്ക ഉദ്യോഗസ്ഥർ ആരെല്ലാം ; | (സി)1.ശ്രീ.ഗ്യാനേഷ്കുമാർ.ഐ.എ.എസ്, റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി<br>2. ശ്രീ. പി. രാമചന്ദ്രൻ, ഡെപ്യൂട്ടി സെക്രട്ടറി, നോർക്ക സെൽ, ന്യൂഡൽഹി<br>3. ശ്രീ. സുധരൂപൻ, എൻ.ആർ.കെ. ഡവലപ്മെന്റ് ഓഫീസർ, ന്യൂഡൽഹി.<br>4. ശ്രീ. കെ. അജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, നോർക്കസെൽ, ന്യൂഡൽഹി.<br>5. ശ്രീ.ആർ. പ്രമോദ്, അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ |
| ഡി) ഇവരുടെ പ്രവർത്തനങ്ങൾക്കായി എന്തു തുക അനുവദിച്ചു ; എന്തു തുക ചെലവാക്കി ; ഉദ്യോഗസ്ഥരുടെ യാത്രയ്ക്ക് ഉൾപ്പെടെ ഓരോരുത്തർക്കും ചെലവായ തുക എത്ര; | (ഡി) ഉത്തരാഖണ്ഡ് പ്രളയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഡൽഹിയിലെ എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസറുടെ പേരിൽ 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 05.07.13 വരെ 2,69,620 രൂപ ചെലവായിട്ടുണ്ട്. ഡെപ്യൂട്ടി സെക്രട്ടറിമാരുടെ നേതൃത്വത്തിലുള്ള രണ്ട് സംഘങ്ങളുടെ യാത്രാ ചിലവിനായി 62,015 രൂപ ചെലവായി. |
| ഇ) ഇതിനായി ഹെലിക്കോപ്ടർ ഉൾപ്പെടെ വാഹനങ്ങൾക്കായി എന്തു തുക വാടകയിനത്തിൽ ചെലവായി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഇ) ഹെലികോപ്ടർ വാടകയ്ക്ക് എടുത്തിട്ടില്ല. മറ്റ് വാഹനങ്ങൾക്ക് വാടകയിനത്തിൽ ചെലവായ തുക ചുവടെ ചേർക്കുന്നു.<br>വിമാനക്കൂലി- 1,24,972<br>ടാക്സിചാർജ്ജ്- 23,320<br>--------<br>ആകെ 1,48,292 |
| എഫ്) ഉത്തരാഖണ്ഡ് യാത്രക്കാരുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ | (എഫ്) ഉത്തരാഖണ്ഡ് യാത്രക്കാരുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥർ |

| | |
|---|---|
| ഉദ്യോഗസ്ഥർ ആരെല്ലാം : ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ? | പരമാവധി ആത്മാർത്ഥമായി പ്രവർത്തിച്ചതായാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**